# തൃപ്പൂണിത്തുറ നഗരസഭ

ഫോൺ : 0484 2780318 ഫാക്സ് : 0484 2781033

ഇ-മെയിൽ : musectripunithura@gmail.com വെബ് സൈറ്റ് : www.thrippunithuramunicipality.in


ഫയൽ നമ്പർ – PW2-1692083/24 തീയതി : 11/11/2025

പ്രേക്ഷിതൻ,

സെക്രട്ടറി,
തൃപ്പൂണിത്തുറ നഗരസഭ

സ്വീകർത്താവ്

ബഹു. മെമ്പർ സെക്രട്ടറി
KCZMA (കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി) ,
4 th Floor, KSRTC ബസ് ടെർമിനൽ,
തമ്പാനൂർ , തിരുവനന്തപുരം – 1

സർ,

വിഷയം:- തൃപ്പൂണിത്തുറ നഗരസഭ- ടൗൺ പ്ലാനിംഗ് വിഭാഗം- CRZ അനുമതി –സ്പഷ്ടീകരണം ലഭ്യമാക്കുന്നത് – സംബന്ധിച്ച്

സൂചന: –
1) ശ്രീ.രാജേഷ് രാമകൃഷ്ണൻ, പൂജ ഹൗസ്, കുരട്ടിക്കാട്, മാന്നാർ.പി.ഒ, ആലപ്പുഴ എന്നയാളുടെ അപേക്ഷ.
2) ഈ ഓഫീസിലെ 05/07/2025 ലെ ഇതേ നമ്പർ കത്ത്.
3) അഡീഷണൽ സെക്രട്ടറി, KCZMA യുടെ 23/09/2025 ലെ 3106/A1/2025/KCZMA നമ്പർ കത്ത്.
4) ശ്രീ.രാജേഷ് രാമകൃഷ്ണൻ ഹാജരാക്കിയ Geo Coordinates/Geo Coordinates രേഖപ്പെടുത്തിയ പ്ലാൻ.

*************************

സൂചന (2), (3) എന്നിവയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന (2) ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു.

തൃപ്പൂണിത്തുറ നഗരസഭയിൽ വാർഡ് 46 ലെ കണയന്നൂർ താലൂക്ക് നടമ വില്ലേജിൽ റീസർവ്വെ നമ്പർ 11/7 ൽ 2.47 ആർ സ്ഥലത്ത് G+1 207.42 sqm Bultup ഏരിയ വരുന്ന റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിനുള്ള CRZ അനുമതിക്കാണ് സൂചന പ്രകാരം ശ്രീ.രാജേഷ് രാമകൃഷ്ണൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം HTL ൽ നിന്നും പ്ലോട്ടിലേയ്ക്കുള്ള ദൂരം 0 മീറ്ററും HTL ൽ നിന്നും പ്രൊപ്പോസ്ഡ് ബിൽഡിംഗിലേയ്ക്കുള്ള ദൂരം 4 മീറ്ററുമാണ്. ഒന്നാം സൂചിത അപേക്ഷയോടൊപ്പം ലഭ്യമാക്കിയ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരുന്ന Geo Coordinates പരിശോധനാ വിധേയമാക്കിയതിൻ

പ്രകാരം 46/2 നമ്പർ കെട്ടിടം ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും നിലകൊള്ളുന്നത് Waterbody യിലാണെന്നും അറിഞ്ഞതിനെ തുടർന്ന് നിലവിലുള്ള കെട്ടിടങ്ങളുടെയും നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെയും നാല് മൂലകളിൽ നിന്നുള്ള ശരിയായ Geo Coordinates സ്ഥല പരിശോധന നടത്തി ലഭ്യമാക്കുന്നതിന് നഗരസഭ ഓവർസീയർക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. തുടർന്ന് ലഭ്യമാക്കിയ Geo Coordinates/Geo Coordinates മാർക്ക് ചെയ്ത പ്ലാൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു. Geo Coordinates ലഭ്യമാക്കിക്കൊണ്ട് സമർപ്പിച്ചിട്ടുള്ള പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ.പ്രദീപന്റെ ഉടസ്ഥതയിലുള്ള കെട്ടിടത്തിന്റെ (46/24) സ്ഥാനവും സൈറ്റ് പ്ലാൻ പ്രകാരമുള്ള ശ്രീ.പ്രദീപന്റെ കെട്ടിടത്തിന്റെ സ്ഥാനവും വ്യത്യസ്തമാണ്. സ്ഥല പരിശോധന നടത്തിയതിലും സൈറ്റ് പ്ലാൻ പ്രകാരമുള്ള സ്ഥാനത്തല്ല ശ്രീ.പ്രദീപന്റെകെട്ടിടത്തിന്റെ സ്ഥാനം. സൈറ്റ് പ്ലാൻ പ്രകാരം HTL ന് സമാന്തരമായി വരച്ചിട്ടുള്ള ബിൽഡിംഗ് ലൈനിൽ ശ്രീ.പ്രദീപന്റെ ഉടമസ്ഥതയിലുള്ള 46/24 നമ്പർ കെട്ടിടം ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ HTL സൈറ്റ് പ്ലാൻ പ്രകാരം അല്ലാത്തതും 46/24 നമ്പർ കെട്ടിടം സൈറ്റ് പ്ലാനിലേത് പോലെ ബിൽഡിംഗ് ലൈനിൽ അല്ലാത്തതാണെന്നും സ്ഥല പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. സ്ഥല പരിശോധനയിൽ പുഴ/HTL ന്റെ ആകൃതി കാണാനായത് ഇതോടൊപ്പം പ്രത്യേകം ചേർക്കുന്നു. ആയത് പ്രകാരവും കക്ഷി ഹാജരാക്കിയിട്ടുള്ള Geo Coordinates മാർക്ക് ചെയ്തിട്ടുള്ള പ്ലാൻ പ്രകാരവും ബിൽഡിംഗ് ലൈനിൽ ഒരു existing കെട്ടിടം മാത്രമേ ഉള്ളൂ എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ആയതും സൂചന (4) പ്രകാരം ലഭ്യമാക്കിയിട്ടുള്ള കെട്ടിട സ്ഥാനങ്ങളും/ജിയോ കോർഡിനേറ്റ്സും പരിശോധിച്ച് സൂചന (1) ൽ ആവശ്യപ്പെട്ട പ്രകാരം കെട്ടിട നിർമ്മാണത്തിനായുള്ള CRZ NOC നഗരസഭാ സെക്രട്ടറിക്ക് നൽകുവാൻ കഴിയുന്നതാണോ എന്ന് അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
തൃപ്പൂണിത്തുറ നഗരസഭ

ഉള്ളടക്കം - 1) മേൽ പ്രസ്താവിതം.
2) Building certificate of building No.46/24, 46/18

L

തൃപ്പൂണിത്തുറ നഗരസഭ

ഫോൺ : 0484 2780318 ഫാക്സ് : 0484 2781033

ഇ-മെയിൽ : musectripunithura@gmail.com വെബ് സൈറ്റ് : www.thrippunithuramunicipality.in

ഫയൽ നമ്പർ - PW2-1692083/24 തീയതി : 11/11/2025

## അറിയിപ്പ്

വിഷയം:- തൃപ്പൂണിത്തുറ നഗരസഭ- ടൗൺ പ്ലാനിംഗ് വിഭാഗം- CRZ അനുമതി -നൽകുന്നത് - സംബന്ധിച്ച്

സൂചന: - 1) താങ്കളുടെ 10/07/2024 ലെ CRZ അനുമതിയ്ക്കുള്ള അപേക്ഷ.
2) KCZMA യ്ക്ക് 05/07/2025 ൽ നൽകിയ ഇതേ നമ്പർ കത്ത്.
3) KCZMA ൽ നിന്നും 23/09/2025 ൽ ലഭിച്ച 3106/A1/2025/KCZMA നമ്പർ കത്ത്.
4) താങ്കൾക്ക് 30/10/2025 ൽ നൽകിയ ഇതേ നമ്പർ അറിയിപ്പ്
5) താങ്കൾ ഹാജരാക്കിയ Geo Coordinates/Geo Coordinates രേഖപ്പെടുത്തയ പ്ലാൻ.

************************

തൃപ്പൂണിത്തുറ നഗരസഭയിൽ വാർഡ് 46 ലെ കണയന്നൂർ താലൂക്ക് നടമ വില്ലേജിൽ റീസർവ്വെ നമ്പർ 11/7 ൽ 2.47 ആർ സ്ഥലത്ത് G+1 207.42 sqm Bultup ഏരിയ വരുന്ന റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിനുള്ള CRZ അനുമതിക്കാണ് സൂചന (1) പ്രകാരം താങ്കൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. താങ്കൾ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം HTL ൽ നിന്നും പ്ലോട്ടിലേയ്ക്കുള്ള ദൂരം 0 (zeero) മീറ്ററും HTL ൽ നിന്നും പ്രൊപ്പോസ്ഡ് ബിൽഡിംഗിലേയ്ക്കുള്ള ദൂരം 4 മീറ്ററുമാണ്. ഒന്നാം സൂചിത അപേക്ഷയോടൊപ്പം ലഭ്യമാക്കിയ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരുന്ന Geo Coordinates പരിശോധനാ വിധേയമാക്കിയതിൻ പ്രകാരം 46/2 നമ്പർ കെട്ടിടം ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും നിലകൊള്ളുന്നത് Water body യിലാണെന്നും അറിഞ്ഞതിനെ തുടർന്ന് നിലവിലുള്ള കെട്ടിടങ്ങളുടെയും നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെയും നാല് മൂലകളിൽ നിന്നുള്ള ശരിയായ Geo Coordinates സ്ഥല പരിശോധന നടത്തി ലഭ്യമാക്കുന്നതിന് നഗരസഭ ഓവർസീയർക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. തുടർന്ന് താങ്കൾ സൂചന (4) പ്രകാരം Geo Coordinates/Geo Coordinates ലഭ്യമാക്കിയ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ.പ്രദീപന്റെ ഉടസ്ഥതയിലുള്ള കെട്ടിടത്തിന്റെ (46/24) സ്ഥാനവും സൈറ്റ് പ്ലാൻ പ്രകാരമുള്ള ശ്രീ.പ്രദീപന്റെ കെട്ടിടത്തിന്റെ സ്ഥാനവും വ്യത്യസ്തമാണ്. സ്ഥല പരിശോധന നടത്തിയതിലും സൈറ്റ് പ്ലാൻ പ്രകാരമുള്ള സ്ഥാനത്തല്ല ശ്രീ.പ്രദീപന്റെകെട്ടിടത്തിന്റെ സ്ഥാനം. സൈറ്റ് പ്ലാൻ പ്രകാരം HTL ന് സമാന്തരമായി

DRAFT

വരച്ചിട്ടുള്ള ബിൽഡിംഗ് ലൈനിൽ ശ്രീ.പ്രദീപന്റെ ഉടമസ്ഥതയിലുള്ള 46/24 നമ്പർ കെട്ടിടം ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ HTL സൈറ്റ് പ്ലാൻ പ്രകാരം അല്ലാത്തതും 46/24 നമ്പർ കെട്ടിടം സൈറ്റ് പ്ലാനിലേത് പോലെ ബിൽഡിംഗ് ലൈനിൽ അല്ലാത്തതാണെന്നും സ്ഥല പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ബിൽഡിംഗ് ലൈൻ proposed construction ന്റെ immediately abutting/adjoining ആയിട്ടുള്ള രണ്ട് existing authorized structures നെ കണക്ക് ചെയ്യേണ്ടതാണ് എന്നത് പാലിച്ചിട്ടില്ല എന്ന് കാണുന്നു. സൈറ്റ് പ്ലാനിൽ HTL, ശ്രീ.പ്രദീപിന്റെ ഉടമസ്ഥതയിലുള്ള 46/24-ാം നമ്പർ കെട്ടിടം എന്നിവ താങ്കൾ സമർപ്പിച്ചിട്ടുള്ള Geo Coordinates/Geo Coordinates രേഖപ്പെടുത്തിയ പ്ലാനിന് അനുസൃതവുമല്ല.

മേൽ സാഹചര്യത്തിൽ മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ താങ്കളുടെ അപേക്ഷയിന്മേൽ നഗരസഭയിൽ നിന്നും CRZ അനുമതി നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു. അപാകതകൾ പരിഹരിച്ചുകൊണ്ടുള്ളതും, കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ സൈറ്റ് പ്ലാനും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് CRZ അനുമതി സംബന്ധിച്ച് KCZMA യ്ക്ക് അയച്ചു കൊടുക്കുന്നതിനും KCZMA യുടെ തീരുമാനത്തിന് വിധേയമായി മാത്രമേ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
തൃപ്പൂണിത്തുറ നഗരസഭ

L